Anchal Mail.

164. * **Mr. J. John Kattakayam** : Will the Government be pleased to state whether a sum of Rs. 5,000 is not now being paid annually to the Railway authorities for carrying Anchal mails?

Rao Sahib Dr. N. Kunjan Pillai : Yes.

Mr. J. John Kattakayam : കുറഞ്ഞ പ്രതിഫലത്തിന്മേൽ അഞ്ചൽ മെയിൽ കൊണ്ടുപോയ്ക്കൊള്ളാമെന്ന് കണ്ടാക്ട് എടുത്തു നടത്താൻ തീരുമാനിയുള്ള ബസ്സുകാരുണ്ടെന്നറിയാമോ?

Rao Sahib Dr. N. Kunjan Pillai : ഈ ചോദ്യത്തിൽനിന്നും അങ്ങിനെയുണ്ടെന്നറിയാം.

Mr. J. John Kattakayam : ഇങ്ങിനെ പ്രതിവർഷം ഒരു ഭീമമായ സംഖ്യ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നതിന്റെ ഉദ്ദേശം എന്താണ്?

Rao Sahib Dr. N. Kunjan Pillai : ആ സംഗതിയെപ്പറ്റി ആലോചിച്ചു വരികയാണ്.

Mr. J. John Kattakayam : അഞ്ചൽസൂപ്രണ്ട് ഇതിനെ സംബന്ധിച്ചു ഒരു സ്കീം തയ്യാറാക്കി അയയ്ക്കുകയും അതനുസരിച്ചു ഇപ്പോൾ നടപ്പിൽ വരുത്തണമെന്നു തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി അറിയാമോ?

Rao Sahib Dr. N. Kunjan Pillai : അതു ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുന്നതെയുള്ളു. തീരുമാനമൊന്നുമുണ്ടായിട്ടില്ല.

Mr. J. John Kattakayam : കഴിഞ്ഞമാസം മുതൽക്കുതന്നെ ഈ തീരുമാനം നടപ്പാക്കുമെന്നു പ്രസിദ്ധപ്പെടുത്തിയിട്ടില്ലേ?

Rao Sahib Dr. N. Kunjan Pillai : അങ്ങിനെ പ്രസിദ്ധം ചെയ്തിട്ടില്ല. കണ്ടാക്ട് കൊടുക്കുന്നതിനെ സംബന്ധിച്ചു ഒരു നോട്ടീസ് പ്രസിദ്ധപ്പെടുത്തി. അതു അനുസരിച്ചു കണ്ടാക്ട് ലേലം ചെയ്തു, എന്നാൽ ആ സമയത്തുതന്നെ അതു ഇടനെ നടപ്പിൽ വരുത്തുന്നതല്ലെന്നും റയിൽവേ കമ്പനിക്കാരുമായി ഒരു തീരുമാനമുണ്ടായതിനുമേൽ മാത്രമെ നടപ്പിൽ വരുത്തുകയുള്ളു എന്നും പറഞ്ഞിട്ടുണ്ട്.

Mr. J. John Kattakayam : അനുസരിച്ചു കണ്ടാക്ട് കൊടുത്തതായിട്ടു മെമ്പർക്കറിയാമോ?

Rao Sahib Dr. N. Kunjan Pillai : ലേലം വിളിച്ചതെയുള്ളു. കണ്ടാക്ട് കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. J. John Kattakayam : അതിന്റെ തുക എന്താണെന്നറിയാമോ?

Rao Sahib Dr. N. Kunjan Pillai : അറിഞ്ഞുകൂടാ.

Mr. J. John Kattakayam : ഇങ്ങിനെ ഭീമമായ ഒരു തുക പ്രതിവർഷം നഷ്ടപ്പെടാതെ ബസ് കൺട്രാക്ട് കൊടുത്തുനടത്തുന്നതല്ലെ നല്ലത്?

Rao Sahib Dr. N. Kunjan Pillai: : അങ്ങിനെപ്പറ്റി ആലോചിച്ചു വരികയാണെന്നു മറുപടി പറഞ്ഞല്ലോ.

Mr. J. John Kattakayam : അത് ഉടനെ നടപ്പിൽ വരുത്താൻ വിചാരിക്കുന്നുണ്ടോ?

Rao Sahib Dr. N. Kunjan Pillai : : ഇല്ല.

Mr. J. John Kattakayam : അതിനുള്ള കാരണമെന്താണെന്നു പറയാമോ?

Rao Sahib Dr. N. Kunjan Pillai : ആ സംഗതി ആലോചനയിലിരിക്കയാണ്. ആലോചിച്ചു തീരുമാനിച്ചതിനുശേഷം മാത്രമെ അതിനെപ്പറ്റി എന്തെങ്കിലും പറയുവാൻ നിവൃത്തിയൊള്ളൂ.

Mr. C. V. Chandrasekharan: On a point of order, Sir. Is the member justified in making aggressive and bellicose gestures? (*Laughter.*)

President: Just to break the dull monotony.

Mr. J. John Kattakayam : സഭാ നടപടികളെ നിയന്ത്രിക്കാൻ പ്രസിഡൻറവർകളുള്ളപ്പോൾ കേവലം ഒരു ഡിപ്പാർട്ടുമെൻറു മേധാവി എന്നെ നിയന്ത്രിക്കുന്നതു് സങ്കടമാണ്.

President : You have yourself taught others to rise to points of order.

Mr. J. John Kattakayam : ഇങ്ങിനെ പ്രതിവർഷം ഭീമമായ നഷ്ടം വരുത്തിക്കൊണ്ടിരിക്കുന്നതുകൊണ്ടു് ഈ സംഗതി കഴിയുന്നതും വേഗത്തിൽ നടപ്പാക്കുന്നതിനു ശ്രമിക്കുമോ?

Rao Sahib Dr. N. Kunjan Pillai : ആലോചിച്ചു ആ കാര്യം തീർച്ച ചെയ്യുന്നതാണ്.

Mr. M. N. Paramesvaran Pillai: Did any bus owner offer to pay money to Government for getting this contract?

Rao Sahib Dr. N. Kunjan Pillai: No; I do not think so.

Mr. S. Piraviperumal Pillai: Have not such contracts, with people who offered to pay money to Government, failed in the past, with the result that mails were not carried satisfactorily?

Rao Sahib Dr. N. Kunjan Pillai: Yes.

LIBRARY ARCHIVES Kerala Legislative Assembly